**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **04-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ കസബ വില്ലേജിൽ വെള്ളയിൽ ഫിഷറീസ് കടപ്പുറത്ത് താമസിക്കുന്ന 21 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ കസബ വില്ലേജിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള T.S.No. 3-3-95 സർവ്വേ നമ്പറിൽ ഉൾപ്പെട്ട വെള്ളയിൽ മത്സ്യഭവൻ ഓഫീസിന് പിൻവശത്ത് താമസിക്കുന്ന 21 കുടുംബങ്ങളിൽ സ്വന്തമായി ഭൂമിയില്ലെന്ന് സത്യവാങ്മൂലം സമർപ്പിച്ച 19 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്ന് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | പട്ടയം ലഭ്യമാക്കുന്നതിലേയ്ക്കായി ഫിഷറീസ് വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം നല്കുന്നതിന് 24-03-2022 ൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ ഫിഷറീസ് വകുപ്പിന്റെ എത്ര ഏക്കർ ഭൂമി വിട്ടുനൽകണമെന്ന് അറിയിക്കുവാൻ മത്സ്യബന്ധന തുറമുഖ വകുപ്പ് ഫിഷറീസ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | പട്ടയം ലഭ്യമാക്കുന്നതിലേയ്ക്കായി ഫിഷറീസ് വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം നല്കുന്നതിന് 24-03-2022 ൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ ഫിഷറീസ് വകുപ്പിന്റെ എത്ര ഏക്കർ ഭൂമി വിട്ടുനൽകണമെന്ന് അറിയിക്കുവാൻ മത്സ്യബന്ധന തുറമുഖ വകുപ്പ് ഫിഷറീസ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഡി) | പട്ടയം കൊടുക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ ? | (ഇ) | വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ